1. അഗ്സ്ത്യാർകൂടം ട്രക്കിംഗ് ബുക്ക് ചെയ്യുന്നതിനായുള്ള സോഫ്റ്റ് വെയർ "Service Plus" മുഖേന വികസിപ്പിച്ചെടുത്തിട്ടുണ്ട്.

2. വനം വകുപ്പിലെ വിവിധ ഇക്കോ-ടൂറിസം പ്രദേശങ്ങളിലുള്ള ടിക്കറ്റിംഗ് സോഫ്റ്റ്വെയറുകൾ.

3. ക്യാപ്റ്റീവ് എലിഫന്റ് ഡാറ്റാ ബേസ് സിസ്റ്റം - കേരളത്തിലെ നാട്ടാനകളെക്കുറിച്ചുള്ള വിവരങ്ങൾ ലഭിക്കുന്നതിലേക്കായുള്ള സോഫ്റ്റ് വെയറുകൾ ഡിപ്പാർട്ട്മെന്റ് വെബ്സൈറ്റിൽ ലഭ്യമാണ്.

4. തടിയധിഷ്ടിത വ്യവസായങ്ങൾക്ക് എൻ.ഒ.സി നൽകുന്നതിനുള്ള അപേക്ഷയുടെ സ്റ്റാറ്റസ് അറിയുന്നതിലേക്കായുള്ള സോഫ്റ്റ്വെയർ.

5. ഇതു കൂടാതെ വനം വകുപ്പിന്റെ വെബ്സൈറ്റായ www.forest.kerala.gov.in -ൽ നിന്നും വനം വകുപ്പ് പ്രസിദ്ധീകരിക്കുന്ന ദർഘാസുകളുടെയും തടി ലേലങ്ങളുടെ വിവരങ്ങൾ, നേച്ചർ ക്യാമ്പുകൾ നടത്തുന്നതിനുള്ള അപേക്ഷകൾ വനം വകുപ്പിൽ നൽകേണ്ടുന്ന വിവിധ ആവശ്യങ്ങൾക്കുള്ള അപേക്ഷകൾ എന്നിവ പൊതുജനങ്ങൾക്ക് ലഭ്യമാണ്.

6. കൂടാതെ ഓൺലൈനായി പൊതുജനങ്ങൾക്ക് വനം വകുപ്പിന്റെ വിവിധ സേവനങ്ങൾ ലഭിക്കുന്നതിനായി എൻ.ഐ.സി.-യുമായി ചേർന്ന് "Service Plus" മുഖാന്തിരം സിറ്റിസൺ സെൻട്രിക് സോഫ്റ്റ്വെയറുകൾ വികസിപ്പിച്ചുകൊണ്ടിരിക്കുന്നു.

(സി) RITES ലിമിറ്റഡ് എന്ന പൊതുമേഖലാ സ്ഥാപനം വികസിപ്പിച്ച സോഫ്റ്റ്വെയറുകൾ ഓൺലൈനാക്കുന്നതിലേക്കായിട്ടുള്ള പ്രവർത്തി കെൽട്രോണിന് നൽകുകയും ആയതിലേക്കായി 2012-13 സാമ്പത്തിക വർഷത്തിൽ 19,10,120 രൂപ ചെലവായിട്ടുണ്ട്.

(ഡി) 2013-14 സാമ്പത്തിക വർഷത്തിൽ M/s CDNS Technologies India Pvt. Ltd., II Floor, Thompil Building, Sasthamangalam, Thiruvananthapuram എന്ന സ്ഥാപനത്തിൽനിന്നും ടെൻഡർ നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ DGS&D റേറ്റ് വ്യവസ്ഥയിൽ 54 കമ്പ്യൂട്ടറുകൾ 22,68,000 രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്.

കേരളത്തിന്റെ വനവിസ്തൃതി

199 (7762) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-12 മുതൽ 2013-14 വരെയുള്ള കാലഘട്ടത്തിലെ വർഷം തിരിച്ചുള്ള കേരളത്തിന്റെ വനവിസ്തൃതിയുടെ വിശദവിവരം നൽകുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം വനവിസ്തൃതി കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ?

483/2016

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2011-12 ലെ വാർഷിക ഭരണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള വനവിസ്തൃതിയുടെ വിശദവിവരം ചുവടെ ചേർക്കുന്നു :

1. റിസർവ്വ് വനം : 9176.3016 ച.കി.മീ.
2. റിസർവ്വ് വനമാക്കാൻ ഉദ്ദേശിക്കുന്നത് : 295.3781 ച.കി.മീ.
3. നിക്ഷിപ്തവനവും പരിസ്ഥിതി ദുർബ്ബല പ്രദേശവും : 1837.7957 ചകി.മീ.

ആകെ : 11309.4754 ച.കി.മീ.

2012-13 ലെയും 2013-14 ലെയും വനവിസ്തൃതി സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ച് വരുന്നതിനാൽ അന്തിമ കണക്കുകൾ പൂർത്തിയായിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വനമേഖലയുടെ സംരക്ഷണത്തിനുള്ള പദ്ധതികൾ

200 (7763) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനമേഖലയുടെ സംരക്ഷണാർത്ഥം ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത മേഖലയ്ക്കായി ഉൾക്കൊള്ളിച്ച തുകയിൽ പുതിയ പദ്ധതികൾക്കായി കരുതിയ തുക എത്രയായിരുന്നു ; ഇതിനകം എന്തുതുക ചെലവഴിച്ചു ;

(സി) പ്രഖ്യാപനം അനുസരിച്ച് എത്ര ജലസംരക്ഷണ പദ്ധതികൾ നടപ്പിലാക്കുകയുണ്ടായി ; എത്ര മഴ നിഴൽപ്രദേശങ്ങളെ ഹരിതാഭമാക്കുക യുണ്ടായി ;

(ഡി) പ്രകൃതി ആസ്വാദന കേന്ദ്രങ്ങൾ എവിടെയെല്ലാം സ്ഥാപിച്ചു ; മോഡൽ ഫോറസ്റ്റ് സ്റ്റേഷൻ സ്ഥാപിച്ചതെവിടെയാണ് ; എത്ര പേരെ ടൂറിസ്റ്റ് ഗൈഡുകളാക്കുകയുണ്ടായി ;

(ഇ) മേല്പറഞ്ഞ ഏതെങ്കിലും പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ ?

ഉത്തരം

(എ) വനമേഖലയുടെ സംരക്ഷണാർത്ഥം ബജറ്റ് വിവരണത്തിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള പ്രാഥമിക പ്രവർത്തനങ്ങൾ നടന്നുവരുന്നു. തുടർ പദ്ധതികൾ നടപ്പിലാക്കിയും വരുന്നു.